പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 6669

09.07.2014-ൽ മറുപടിക്ക്.

## ഹജ്ജ് അപേക്ഷകർക്ക് വൺടൈം രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.റ്റി.എ. റഹീം | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ഈ വർഷം ഹജ്ജിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | :(എ) ഈ വർഷം ഹജ്ജിനായി 56, 111 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) അപേക്ഷാ ഫീസ് ഇനത്തിൽ കേന്ദ്ര ഹജ്ജ് കമ്മിറ്റി, സംസ്ഥാന ഹജ്ജ് കമ്മിറ്റി എന്നിവയ്ക്ക് എത്ര രൂപ വീതം ലഭിച്ചുവെന്ന് വിശദമാക്കാമോ; | : (ബി) കേന്ദ്ര ഹജ്ജ് കമ്മിറ്റിക്ക് - 84, 16,650/- രൂപയും സംസ്ഥാന ഹജ്ജ് കമ്മിറ്റിക്കു- 84,16,650/- രൂപയും ലഭിച്ചിട്ടുണ്ട്. |
| (സി) ഈ അപേക്ഷകളിൽ കഴിഞ്ഞ മൂന്ന് വർഷക്കാലമായി തുടർച്ചയായി അപേക്ഷിച്ചുവന്നവർ എത്ര പേരുണ്ടെന്നും ഇവരിൽനിന്ന് കഴിഞ്ഞ കാലങ്ങളിൽ അപേക്ഷാ ഫീസ് ഇനത്തിൽ ആകെ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | : (സി) 7697 പേർ കഴിഞ്ഞ മൂന്നുവർഷമായി തുടർച്ചയായി അപേക്ഷിച്ചിട്ടുണ്ട്. ഇവരിൽ നിന്നും - 26,93, 950 രൂപയാണ് മൂന്ന് വർഷങ്ങളായി സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് ലഭിച്ചത്. |
| (ഡി) ഈ വർഷം അപേക്ഷിച്ചവരിൽ എത്ര പേർക്കാണ് ഹജ്ജിന് പോകുന്നതിന് അവസരം ലഭിച്ചതെന്ന് വ്യക്തമാക്കുമോ; | (ഡി) 6280 പേർക്ക് |
| (ഇ) വർഷംതോറും അപേക്ഷാ ഫീസ് നൽകുന്നത് ഒഴിവാക്കുന്നതിനും, വൺ ടൈം രജിസ്ട്രേഷൻ നടപ്പിൽ വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) ഈ കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഹജ്ജ് കമ്മിറ്റിയാണ്. എങ്കിലും ഹജ്ജ് അപേക്ഷ ഓൺ ലൈൻ വഴിയാക്കുന്നതിന് വേണ്ടി സംസ്ഥാന ഹജ്ജ് കമ്മിറ്റി കേന്ദ്ര ഹജ്ജ് കമ്മിറ്റിയോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്. തുടർച്ചയായി അപേക്ഷിക്കുന്നവർക്ക് വർഷംതോറുമുള്ള അപേക്ഷ ഫീസ് ഒഴിവാക്കുന്ന കാര്യം കേന്ദ്ര ഹജ്ജ് കമ്മിറ്റിയോട് ആവശ്യപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ